# പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3371 — 19.10.2016 ന് മറുപടിയ്ക്ക്.

## പാമ്പുകടിയേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.യു.ആർ.പ്രദീപ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഓരോ വർഷവും ശരാശരി എത്രപേർ പാമ്പുകടിയേറ്റ് മരിക്കുന്നുണ്ട് എന്നറിയിക്കാമോ ; | (എ) പാമ്പുകടിയേറ്റ് മരണമടഞ്ഞവരുടെ ആശ്രിതർ നഷ്ടപരിഹാരത്തിനായി വനം വകുപ്പിൽ അപേക്ഷ സമർപ്പിച്ച കണക്ക പ്രകാരം ഓരോ വർഷവും ശരാശരി 88 പേരാണ് പാമ്പുകടിയേററ് മരിക്കുന്നത്. |
| (ബി) പാമ്പുകടിയേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്ക് വനം വകുപ്പ് മുഖേന ധനസഹായം അനുവദിച്ച് നൽകിവരുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ് എന്ന് വ്യക്തമാക്കുമോ ; | (ബി) ഉണ്ട്. വനത്തിനു പുറത്തുവച്ച് പാമ്പുകടിയേറ്റു മരണപ്പെട്ടാൽ, ആശ്രിതർക്ക് 1 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകി വരുന്നു. |
| (സി) ഇതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ? | (സി) വന്യജീവി ആക്രമണം മൂലം പരിക്കേൽക്കുന്നവർക്ക് സർക്കാർ 1980 ലെ കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരമാണ് നഷ്ടപരിഹാരം നൽകി വരുന്നത്. സർക്കാർ, കാലാകാലങ്ങളിൽ പരിഷ്കരിച്ചിട്ടുള്ള ടി ചട്ടങ്ങൾക്കനുസരിച്ച് നിലവിൽ G.O (MS)No.96/2014/F&WLD തീയതി 17.11.2014 പ്രകാരമാണ് നഷ്ടപരിഹാര തുക നൽകി വരുന്നത്. ടി സർക്കാർ ഉത്തരവ് പ്രകാരം |

വനത്തിനു പുറത്ത് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപയാണ് നൽകി വരുന്നത്. ഇതിനായി വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷയോടൊപ്പം പാമ്പുകടിയേറ്റ് മരണപ്പെട്ട വ്യക്തിയുടെ മെഡിക്കൽ സർട്ടിഫിക്കറ്റ്, പോസ്റ്റ്മോർട്ടം റിപ്പോർട്ട്, മരണ സർട്ടിഫിക്കറ്റ് എന്നിവയും അപേക്ഷകന്റെ തിരിച്ചറിയൽ കാർഡും അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നിവയും അപ് ലോഡ് ചെയ്യേണ്ടതാണ്. നിയമാനുസരണമുള്ള പരിശോധനകൾക്കു ശേഷം അർഹതയുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊണ്ട് തുക കൈമാറുന്നതാണ്.

Shahala S.S

സെക്ഷൻ ഓഫീസർ